പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1554 31-1-2018 ൽ മറുപടിക്ക്

## ആഗ്രോ ഹൈപ്പർ മാർക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) കാർഷിക മേഖലയിൽ ആവശ്യമായതെല്ലാം ഒരു കേന്ദ്രത്തിൽ ലഭിക്കുന്ന ആഗ്രോ ഹൈപ്പർ മാർക്കറ്റ് സംസ്ഥാനത്ത് ഇപ്പോൾ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ; | (എ)കാർഷികോപകരണങ്ങളും, കാർഷികോൽപ്പന്നങ്ങളും അണി നിരത്തിക്കൊണ്ട് കൃഷി വകുപ്പ് "കേരളശ്രീ" ബ്രാൻഡിൽ ആരംഭിച്ച ഒരു നൂതന സംരംഭമായ ആദ്യ ഹൈപ്പർ ബസാർ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കീഴിൽ തൃശ്ശൂർ ജില്ലയിലെ ചെമ്പുക്കാവിലെ അഗ്രിക്കൾച്ചർ കോംപ്ലക്സിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് |
| (ബി) എന്തൊക്കെ പ്രധാന കൃഷി ഉപകരണങ്ങളും ഉൽപന്നങ്ങളുമാണ് ഇവിടെ ലഭ്യമാകുക എന്നറിയിക്കുമോ; | (ബി) വിവിധതരം കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളുമായ ഗാർഡൻടില്ലർ, പവർടില്ലർ, ട്രാക്ടർ, ബ്രഷ് കട്ടർ, ലോൺമൂവേഴ്സ്, ഗാർഡൻടൂൾസ്, പവർടൂൾസ്, ഹാൻഡ്ടൂൾസ്, പമ്പ്സെറ്റ്, എഞ്ചിൻ, സ് പ്രെയേഴ്സ്, ഡ്രിപ്പ് ഇറിഗേഷൻ, സ് പ്രിംഗ്ളർ തുടങ്ങിയവ പ്രദർശനത്തിനും വിപണനത്തിനുമായി തയ്യാറാക്കിയിരിക്കുന്നു. കൂടാതെ കർഷകർക്കും, |

| | |
|---|---|
| | പൊതുജനങ്ങൾക്കും വിവിധതരം കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും, പരിചയപ്പെടുന്നതിനും ടെക്നോളജി സെന്ററും ഒരുക്കിയിരിക്കുന്നു.സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ എല്ലാ വിഭവങ്ങളും ഈ അഗ്രോ ഹൈപ്പർ ബസാറിൽ ലഭ്യമാക്കിയിരിക്കുന്നു. കൃഷി വകുപ്പിന് കീഴിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും മറ്റ് വകുപ്പുകൾക്ക് കീഴിലെ ഒട്ടുമിക്ക പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഉൽപ്പന്നങ്ങൾ ഇവിടെ നിന്ന് ലഭിക്കുന്നതാണ്. കൂടാതെ ജമ്മു കാശ്മീരിൽ നിന്നുള്ള കുങ്കുമപ്പൂവ്, ആപ്പിളിൽ / മറ്റ് കാർഷിക വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഹിമാചൽപ്രദേശിൽ നിന്നുള്ള ബ്ലാക്ബെറി, വൈവിധ്യമാർന്ന പഴങ്ങളും അവ സംസ്കരിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ, കർണ്ണാടകയിൽ നിന്നുള്ള ചെറുധാന്യങ്ങൾ, മില്ലറ്റ് വില്ലേജിലെ റാഗി, വരഗ് തുടങ്ങിയ ധാന്യങ്ങൾ, ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട്, ലക്ഷദീപ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് മറ്റിടങ്ങളിൽ ഇത്തരം ആഗ്രോ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;എങ്കിൽ എവിടെയൊക്കെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ നൽകുമോ? | (സി) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലുള്ള മാർക്കറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളശ്രീ എന്ന പേരിൽ തിരുവനന്തപുരത്ത് ആനയറയിൽ അഗ്രിമാളും, കോഴിക്കോട് വേങ്ങേരിയിൽ അഗ്രോ ഹൈപ്പർ ബസാറും |

| | |
|---|---|
| | സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനു പുറമെ 'കേരളശ്രീ' എന്ന പേരിൽ കൊട്ടാരക്കര, എറണാകുളം എന്നിവിടങ്ങളിൽ മിനി ഹൈപ്പർ മാർക്കറ്റുകൾ ഉടനെ ആരംഭിക്കുന്നതാണ്. |

അണ്ടർ സെക്രട്ടറി